**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** — **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പ്രദേശവാസികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തന ങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് തുറമുഖ പദ്ധതി മുന്നോട്ട് പോകുന്നത്. പദ്ധതി ബാധിത മേഖയില്ലുള്ള അർഹരായ മത്സ്യബന്ധന/ മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനായി RDO ചെയർമാനായി LIAC കമ്മറ്റിയേയും ഇതിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മറ്റികൾ പദ്ധതി ബാധിത പ്രദേശത്തു നിന്നും ലഭ്യമായ അപേക്ഷകളും അപ്പീലുകളും പരിഗണിച്ച് അർഹരായവർക്ക് സർക്കാർ അംഗീകാര ത്തോടെ ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി നാളിതുവരെ ആകെ 2640 പദ്ധതി ബാധിതർക്ക് 99.94 കോടി രൂപ (സൗജന്യ മണ്ണെണ്ണ വിതരണം ഉൾപ്പെടെ) ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രദേശത്തെ (1000 ൽപ്പരം) വീട്ടുകളിൽ ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHCയെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്ന തിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം 50 കോടി രൂപാ ചെലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്ന തിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യ ത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതി നായുള്ള നടപടികളും പുരോഗമിക്കുക യാണ്.<br><br>ഇതിനു പുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായും സംഘടനകളുമായും ജനപ്രതിനിധികളുമായും പുനരധിവാസവും സംരക്ഷണവും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദമായിരുന്നോ; വിശദമാക്കുമോ; | (ബി) | പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസവും മറ്റ് അനുബന്ധ ആവശ്യങ്ങളും പരിഗണിച്ച് പരിഹരിക്കുന്നതിന് മുന്തിയ പരിഗണന യാണ് നൽകി വരുന്നത്. പദ്ധതി ബാധിത പ്രദേശമായ കോട്ടപ്പുറത്തെ പുനരധിവാസ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് കമ്മറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| (സി) | ഇറമുഖ നിർമാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ ഇനിയും കൂടിയാലോചന വേണമെന്നാവശ്യപ്പെട്ട് പ്രദേശവാസികളോ സംഘടനകളോ ജനപ്രതിനിധികളോ സർക്കാരിനെ സമീപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രദേശവാസികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൂടിയാലോചനകളിൽക്കൂടിയാണ് നടപ്പിലാക്കി വരുന്നത്. ചർച്ച ചെയ്യുന്നതിനായി പ്രദേശവാസികളിൽ നിന്നും ഉയർന്നു വരുന്ന വിഷയങ്ങൾ അതാത് സമയങ്ങളിൽ തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചർച്ച ചെയ്തു വരുന്നുണ്ട്. കൂടാതെ പ്രദേശവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ബഹു. സ്ഥലം എം.എൽ.എ യുമായും, ജനപ്രതിനിധികളുമായും വിവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ